**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കണ്ണൂർ ജില്ല – മാടായി ഗ്രാമപഞ്ചായത്ത് – റെയിൽവേയ്ക്ക് സെന്റേജ് ചാർജ്ജ് ഇനത്തിൽ നൽകേണ്ട തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3199/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 04/10/2017

---

പരാമർശം:- മാടായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19/08/2017 ലെ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലം എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പഴയങ്ങാടി റെയിൽവെ സ്റ്റേഷനിൽ റെയിൽവേയുടെ സ്ഥലത്ത് വാഹന പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന് ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് റെയിൽവേക്ക് സെന്റേജ് ചാർജ്ജ് ഇനത്തിൽ നൽകേണ്ട 1,31,766/- രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചുവെന്നും ആയതിന്മേൽ തുടർ നടപടി സ്വീകരിക്കണമെന്നും പരാമർശ കത്ത് പ്രകാരം മാടായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റെയിൽവേക്ക് സെന്റേജ് ചാർജ്ജ് ഇനത്തിൽ നൽകേണ്ട 1,31,766/- (ഒരു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി എഴുന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) രൂപ മാടായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചയത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പ്രസിഡന്റ്/സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്, പഴയങ്ങാടി ആർ.എസ് പി.ഒ, കണ്ണൂർ - 670358
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*